# "ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

A1/364/16

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ
ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ്
ബാലുശ്ശേരി, കോഴിക്കോട്.
Ph-0496- 2646342
Email-gcbalussery.dce@kerala.gov .in

തീയതി: 11.05.2022

പ്രേഷകൻ

പ്രിൻസിപ്പാൾ

സ്വീകർത്താവ്

Shri. Rogy Thomas
Group Head, HED Projects
KITCO Ltd.

സർ,

വിഷയം:- ഡോ. ബി. ആർ അംബേദ്കർ മെമ്മോറിയൽ ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ് ബാലുശ്ശേരി-നിർമ്മാണ പ്രവർത്തി സമയ ബന്ധിതമായി തീർക്കുന്നത് സംബന്ധിച്ച് .

സൂചന:- 1. No. C2/63/2021/ഉ. വി.വ. Thiruvananthapuram 21-03-2022
2. Calicut NIT യുടെ 27/ 04/ 2022 തീയതിയിലെ CED/CON/ TMMP/ 1 നമ്പർ കത്ത്
3. Your letter No:100:DP-1025:PP;2022 dated 07-04-2022

കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തികൾ KITCO യുടെ മേൽനോട്ടത്തിൽ നടന്നുവരികയാണല്ലോ. താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമായും 21-05-2022 ന് മുൻപ് ചെയ്യണമെന്ന് അറിയിക്കുന്നു.

1. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തികൾക്കായി 2021 നവംബർ, ഡിസംബർ മാസങ്ങളിൽ നിലവിലുള്ള കെട്ടിടത്തിന്റെ പൊളിച്ച ഭാഗങ്ങളിൽ കൂടി മഴ പെയ്യുമ്പോൾ വെള്ളം ലൈബ്രറി, ഓഫീസ്, പ്രിൻസിപ്പൽ റൂം, കമ്പ്യൂട്ടർ ലാബ് തുടങ്ങിയ റൂമുകളിൽ കയറുന്നു. കത്ത് മുഖേന KITCO യെയും നിർമ്മാണം നടത്തുന്ന ഏജൻസിയെയും താങ്കളെയും അറിയിച്ചെങ്കിലും പരിഹാരം ഇതുവരെ ആയിട്ടില്ല. 2022 ജൂൺ 1 മുതൽ കോളേജിൽ റെഗുലർ ക്ലാസ്സുകൾ തുടങ്ങുന്നതിനാൽ മഴ പെയ്യുമ്പോൾ മേൽ പൊളിച്ച ഭാഗങ്ങളിലൂടെ വെള്ളം ലൈബ്രറി, ഓഫീസ്, പ്രിൻസിപ്പൽ റൂം കമ്പ്യൂട്ടർ ലാബ് തുടങ്ങിയ റൂമുകളിൽ കയറുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. 21-05-2022 വരെ ഇങ്ങനെ ഒഴുകി വരുന്ന വെള്ളം മാറ്റാനായി നിർമ്മാണ ഏജൻസിയുടെ ഒരു ജോലിക്കാരനെ നിയോഗിക്കേണ്ടതാണ്.

2. കോളേജിന്റെ പോർട്ടിക്കോയിൽ നിർമ്മാണത്തിനായി വന്ന ഹെവി ലോഡ് ലോറികൾ

കയറിയതുമൂലം ടൈൽസ് പൊട്ടിയത് നിർബന്ധമായും മാറ്റേണ്ടതാണ്.

3. കോളേജിന്റെ ഇന്റർലോക്ക് ചെയ്ത വഴിയിൽ മുൻവശത്തായി മണ്ണ് ഇറക്കിയത് അവിടെ നിന്നും മാറ്റേണ്ടതും ചെളി ആയത് വൃത്തിയാക്കേണ്ടതും ആണ്

4. കോളേജിന്റെ ഇന്റർലോക്ക് ചെയ്ത വഴിയിൽ മുൻവശത്തായി കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് ചാക്കുകളും മറ്റും അവിടെ നിന്നും മാറ്റേണ്ടതാണ്.

5. കോളേജിന്റെ പാർക്കിങ് ഏരിയയിൽ ചെയിൻ JCB (എസ്കവേറ്റർ) കയറിയതുമൂലവും പാർക്കിംഗ് ഏരിയയുടെ മുന്നിൽ വളരെ ഉയരത്തിൽ മണ്ണ് കൂട്ടിയിട്ടിരിക്കുന്നതിനാലും അത് ഒഴുകി പാർക്കിംഗ് ഏരിയ മുഴുവൻ ചെളി ആയതിനാൽ കോളേജിൽ വരുന്നവർ വാഹനങ്ങൾ പാർക്ക് ചെയ്തതിനു ശേഷം കോളേജിൽ വരുമ്പോൾ ചെളി മുഴുവൻ കോളേജിനകത്ത് ആകുന്നത് ഒഴിവാക്കാനായി പാർക്കിംഗ് ഏരിയ യിലുള്ള ചെളി മാറ്റേണ്ടതും മഴ പെയ്യുമ്പോൾ വെള്ളം പാർക്കിംഗ് ഏരിയയ്ക്ക് ഉള്ളിൽ കയറാതെ ഒഴുകാനുള്ള സംവിധാനവും അടിയന്തിരമായി ഒരുക്കേണ്ടതാണ്.

6. ഹോസ്റ്റലിന്റെ വഴിയിൽ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി ചെയിൻ JCB (എസ്കവേറ്റർ), ഹെവി ലോഡ് വാഹനങ്ങൾ തുടങ്ങിയവ നിരന്തരം കയറുന്നതുമൂലം ഈ വഴിയിൽ വലിയ വെള്ളക്കെട്ടുകൾ (ചെളിക്കെട്ടുകൾ) രൂപപ്പെടുകയും ആയത് ഒഴുകി റോഡിൽ എത്തുകയും ആയത് പരാതിയായി നാട്ടുകാർ പറയുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽ വെള്ളക്കെട്ടുകൾ (ചെളിക്കെട്ടുകൾ) മാറ്റാനുള്ള നടപടികൾ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്

നിർമ്മാണം പൂർത്തിയാകുമ്പോൾ പരിഹരിക്കേണ്ടുന്നവ

1. കോളേജിന്റെ പ്രവേശന കവാടം മുതൽ കോളേജ് വരെയുള്ള ഇന്റർലോക്ക് ചെയ്‌ത വഴി നിർമ്മാണ ഏജൻസിയുടെ ഹെവി ലോഡ് വാഹനങ്ങൾ കയറിയതുമൂലം പല സ്ഥലങ്ങളിലും ചാലുകൾ രൂപപ്പെടുകയും uneven ആകുകയും ചെയ്തത് നിർമ്മാണം പൂർത്തിയാകുമ്പോൾ ഇന്റർലോക്ക് relay ചെയ്ത് പരിഹരിക്കേണ്ടതാണ്

2. കോളേജിന്റെ ഉൾവശത്തുള്ള ഗാർഡനിൽ നിർമ്മാണവസ്തുക്കൾ വീണ് നാശമായ ഭാഗങ്ങൾ നിർമ്മാണം പൂർത്തിയാകുമ്പോൾ പരിഹരിക്കേണ്ടതാണ്.

# Approval Valid

Digitally Approved By
Dr. S.J Shabu
Date: 11.05.2022
Reason: Approved

വിശ്വസ്തതയോടെ

Dr. S.J Shabu
പ്രിൻസിപ്പാൾ (ഇൻ ചാർജ്)
പ്രിൻസിപ്പാൾക്കു വേണ്ടി

പകർപ്പ്:-

1. ശ്രീ. അർജുൻ KITCO പ്രധിനിധി
2. ശ്രീ അനീഷ് ഹൈലൈറ്റ് പ്രധിനിധി